## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: T2841.

27.01.2014-ലെ മറുപടിയ്ക്ക്

### ഇക്കോ ടൂറിസം പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ.മാധവൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.എ.പി.അനിൽകുമാർ<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഇക്കോ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) പ്രകൃതിയിലധിഷ്ഠിതമായതും പാരിസ്ഥിതികമായി സുസ്ഥിരമായതും, വിദ്യാഭ്യാസവും വ്യാഖ്യാനവും പ്രധാന ഘടകമായതും തദ്ദേശീയർക്ക് ഗുണപ്രദമായതുമായ വിനോദസഞ്ചാരമാണ് ഇക്കോടൂറിസം. പ്രകൃതിയുമായി ഗാഢമായി ബന്ധപ്പെട്ട്, അതിന്റെ ബൃഹത്തായ സൃഷ്ടികളുമായി സംയോജിച്ച് ജീവിതത്തിൽ ആഹ്ലാദം കണ്ടെത്തുന്ന പ്രകൃതിക്കനുയോജ്യമായ വിനോദസഞ്ചാരമാണ് ഇക്കോടൂറിസം. ചുരുങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യവും, ആവാസവ്യവസ്ഥയ്ക്കുമേൽ കുറഞ്ഞയളവിൽ മാത്രമുള്ള സമ്മർദ്ദവും ഇക്കോടൂറിസത്തെ പൊതു ടൂറിസത്തിൽ നിന്നും വിഭിന്നമാക്കുന്നു. തദ്ദേശീയർക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രകൃതി സമ്പത്ത് സംരക്ഷിച്ചുകൊണ്ട് തന്നെ സാമ്പത്തിക നേട്ടങ്ങൾ നേടുകയെന്നതാണ് ഇക്കോടൂറിസത്തിന്റെ ശൈലി. ഇക്കോടൂറിസം മേഖല പരിസ്ഥിതി സംരക്ഷണം ശാസ്ത്രീയമായി ഉറപ്പുവരുത്തുകയും അതുവഴി ടൂറിസത്തിന്റെ അനഭിലഷണീയമായ |

പാർശ്വഫലങ്ങൾ ഇല്ലാതാക്കുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. ഓരോ സ്ഥലത്തിന്റെയും പ്രത്യേകതകളും ഈ സ്ഥലങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തേണ്ട ആവശ്യകതയും വിനോദസഞ്ചാരികളെ ബോധ്യപ്പെടുത്തുക എന്നത് ഇക്കോടൂറിസം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇക്കോടൂറിസം വെറും ഒരു വിനോദത്തിനു മാത്രമുള്ള ഉപാധിയല്ല, സന്ദർശിക്കുന്ന സ്ഥലത്തെക്കുറിച്ച് ശാസ്ത്രീയമായ അറിവ് പകരുന്നതിനുള്ള ഒരു വേദികൂടിയാണ്. അതിനാൽ സാധാരണ ടൂറിസത്തിൽ നിന്നും വ്യത്യസ്ഥമായി ആരോഗ്യകരമായ ഒരു നൂതന ടൂറിസം സംസ്കാരം വളർത്തിയെടുക്കാനാണ് ഇക്കോടൂറിസം പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും സംയുക്ത വനപരിപാലനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇക്കോടൂറിസം വനപ്രദേശങ്ങളിൽ നടപ്പിലാക്കുമ്പോഴുള്ള പ്രധാന ലക്ഷ്യം ജൈവവൈവിധ്യം സംരക്ഷിച്ചു കൊണ്ടു തന്നെ വിനോദസഞ്ചാരികൾക്ക് സൗകര്യങ്ങൾ നൽകുക എന്നതാണ്. എത്രപേരെ, ഏതു സമയങ്ങളിൽ, എത്ര തോതിൽ നിശ്ചിത വനപ്രദേശത്ത് കൊണ്ട് പോകുവാൻ സാധിക്കുമെന്ന് കണ്ടു പിടിക്കുന്ന വാഹകശേഷി, പ്രകൃതി ആഘാതപഠനം എന്നതെല്ലാം ശാസ്ത്രീയമായി കണ്ടു പിടിച്ചാണ് വനപ്രദേശങ്ങളിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. ഇത്തരം സ്ഥലങ്ങളിൽ തദ്ദേശവാസികളെയും വനാശ്രിത കുടുംബങ്ങളെയും ഉൾപ്പെടുത്തി

വനസംരക്ഷണസമിതിക്ക് രൂപം നൽകി അവരെ പങ്കെടുപ്പിച്ച് വനവും പുഴയും സംരക്ഷിക്കുവാനുള്ള ഉപാധികൾ കണ്ടെത്തി നടപ്പിലാക്കി വരുന്നു. സഞ്ചാരികളുടെ അമിത പ്രവാഹം മൂലം വനത്തിനും പുഴയ്ക്കും ഉണ്ടാകുന്ന പ്രശ്നങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം സഞ്ചാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരിഹരിക്കാൻ ഇക്കോ ടൂറിസം സഹായകരമായിട്ടുണ്ട്. വനപരിപാലനത്തിൽ ഒരു കോട്ടവും തട്ടാത്ത വിധത്തിലാണ് ഇക്കോ ടൂറിസം പദ്ധതികളുടെ നടത്തിപ്പ്.

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്? | (സി) വനം വകുപ്പ്, കെ.എഫ്.ഡി.സി. |

സെക്ഷൻ ഓഫീസർ